(എ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനുവേണ്ടി ഒരു പൊതുമേഖലാ സ്ഥാപന പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ തുകയെത്രയാണ്;

(സി) ഈ ഫണ്ടിൽ നിന്ന് ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സഹായം നൽകി;

(ഡി) സഹായം സ്വീകരിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള ഇൻഡസ്ട്രിയൽ റീ-വൈറ്റലൈസേഷൻ ഫണ്ട് ബോർഡ് (കിർഫ് ബോർഡ്) രൂപീകരിച്ചിട്ടുണ്ട്.

(ബി) ബോണ്ട് വഴി സമാഹരിച്ച 180 കോടിയും സർക്കാർ മൂലധനമായ 45 കോടിയും ചേർത്ത് 225 കോടി രൂപയാണ് ഈ ഫണ്ടിന്റെ മൊത്തം തുക.

(സി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് കിർഫ് ബോർഡ് മുഖാന്തിരം സർക്കാർ നൽകിയ സാമ്പത്തിക സഹായങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. †

(ഡി) കിർഫിൽ നിന്നും ഇതുവരെ വായ്പ സ്വീകരിച്ച സ്ഥാപനങ്ങളുടെ വിവരം (വായ്പത്തുക, ലാഭനഷ്ടക്കണക്കുകൾ എന്നിവ) അഭിപ്രായസമന്വിതം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. †

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫാക്ടറികളുടെ എണ്ണം

94 [1273] ശ്രീ. ലൂഡി ലൂയിസ്:

" വർക്കല കഹാർ:

" ജോർജ്ജ് ജെ. മാത്യു:

" പ്രതാപവർമ്മ തമ്പാൻ:

" എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിലും സഹകരണ മേഖലയിലും പൊതു മേഖലയിലും എത്ര വീതം ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ഫാക്ടറികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ 16894-ഉം സഹകരണ മേഖലയിൽ 472-ഉം പൊതുമേഖലയിൽ 323-ഉം ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾ

95 [1274] ശ്രീ. ടി. വി. ചന്ദ്രമോഹൻ:

„ പി. ടി. തോമസ്:

„ ടി. എൻ. പ്രതാപൻ:

„ പ്രയാർ ഗോപാലകൃഷ്ണൻ:

„ എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ആകെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നു;

(ബി) ഇവരുടെ ശമ്പളം, അലവൻസ് എന്നീ ഇനങ്ങളിൽ പ്രതിമാസം എത്ര തുക വേണ്ടിവരുന്നു;

(സി) 2004 മാർച്ച് 31-ന് അവസാനിക്കുന്ന മാസത്തിൽ ഈ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നുള്ള വിറ്റുവരവെത്രയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ഉത്തരം അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly